പി.റ്റി.24681/2017

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.13.6.2017
Email : keralarcs@gmail.com
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

## സർക്കുലർ നമ്പർ 33/2017

വിഷയം: സഹകരണ വകുപ്പ്- അന്തർ ദേശീയ സഹകരണ ദിനം- ജൂലൈ 1 - സർക്കിൾ സഹകരണ യൂണിയനുകൾ മുഖാന്തിരം സ്റ്റിക്കറുകൾ വിൽപ്പന നടത്തുന്നത്- സർക്കിൾ തലത്തിൽ പരി പാടികൾ സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന: സംസ്ഥാന സഹകരണ യൂണിയൻ അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറിയുടെ 19.5.2017 ലെ പി.ആർ.4035/2017 നമ്പർ കത്ത്.

*****

ദേശീയ സഹകരണ യൂണിയൻ 2017 ജൂലൈ 1 അന്തർദേശീയ സഹകരണ ദിനമായി ആചരിക്കുന്നതിനും ആയതിന്റെ ഭാഗമായി അതത് സംസ്ഥാന സഹകരണ യൂണിയനുകൾ പരമാവധി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിരിക്കുന്നു. "ആരും ഒഴിവാക്കപ്പെടുന്നില്ല എന്ന് സഹകരണ പ്രസ്ഥാനം ഉറപ്പാ ക്കുന്നു" എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പ്രസ്തുത പ്രചരണ പരിപാടിയുടെ ഭാഗമായി സംസ്ഥാന സഹകരണ യൂണിയൻ അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ലോഗോ ഉൾപ്പെടുത്തി സ്റ്റിക്കർ പുറത്തിറക്കുന്നുണ്ട്. ഈ സ്റ്റിക്കറുകൾ സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകൾ, സഹകരണ പരിശീ ലന കേന്ദ്രങ്ങൾ, സഹകരണ കോളേജുകൾ, കിക്മ എന്നിവ മുഖാന്തരം വിൽപ്പന നടത്താ വുന്നതും, സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളുടെ ഭരണസമിതി നിലവി ലില്ലാത്ത സാഹചര്യത്തിൽ ടി സർക്കിളുകളുടെ ചാർജ്ജ് വഹിക്കുന്ന ഓഫീസർമാർ സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും സ്റ്റിക്കറുകൾ വാങ്ങി വിൽപ്പന നടത്തുന്ന തിനും അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കിൾ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. സംസ്ഥാന സഹകരണ യൂണിയൻ
2. എല്ലാ സർക്കിൾ സഹകരണ യൂണിയൻ
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
5. ആഡിറ്റ് ഡയറക്ടറേറ്റ്
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്
8. സഹകരണ വീഥി
9. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം//

(ഒപ്പ്)

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)